63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 640 Participant Code: 319.

# മുരളി നിശബ്ദമാകുന്നു.

"നാരായണങ്ങൾക്കുതാഴെ ഇത്ര മനോഹരമായ മറ്റെന്തെങ്കിലുമുണ്ടാകുമോ ?" നരലിന്തിര-ങ്ങുന്ന നിഘോഷത്തിന്റെ ചൂടിനെ തന്റെ ആത്മാവിലാവാഹിച്ചുകൊണ്ട് ഒരു തിര എന്നെ തഴുകി കടന്നുപോയി. മാധവ് ചോദിച്ച ചോദ്യത്തിന്റെ സാധ്യതകളെപ്പറ്റി ആലോചിച്ചപ്പോഴാണ് ചായയുടെ കാശ് കൊടുത്തില്ലെന്ന് എനിക്കോർമ്മ വന്നത്. "മധൂ, കാശ് കൊടുത്തില്ലല്ലോ ?" "എടാ, പേടിക്കണ്ട, നമ്മടെ സ്ഥിരം പറ്റുപടി, പിന്ന് പറ ചായയ്ക്ക് മധുരമില്ല, പാലിൽ വെള്ളം ചേർന്നു എന്നൊക്കെ, അപ്പോഴേക്കും ഞാൻ വന്ന് അലമ്പുണ്ടാക്കാം". ഉണ്ണലെയുടെ അനുഭവങ്ങളെ സ്മരിച്ചുകൊണ്ട് ഞാനെന്റെ കവിൾ തടവി. "കിട്ടിയ അടിയൊന്നും പോരേ ഡേയ് ?" "എനിക്കല്ലല്ലോ. നിന-

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

അല്ലേ കിട്ടിയത്?" മധുവിന്റെ അട്ടഹാസം കടൽപരപ്പിനോളം നിറഞ്ഞു. "അതേ, ഈ വർഷം മുതൽ നന്നാകുമെന്ന് പ്രതിജ്ഞയെടുത്തത് മറന്നുപോയോ മധു?" "മറന്നിട്ടൊന്നുമില്ല, ജീവിതമാകുമ്പോ കുറേ അനുഭവങ്ങൾ വേണ്ടേ, മാത്രമല്ല, എന്റെ അനുഭവങ്ങളെ കൂട്ടിച്ചേർത്ത് ഞാനൊരു സിനിമയാക്കുമ്പോൾ നിന്നെയാണ് ശങ്കു അതിലെ മുഖ്യകഥാപാത്രമായി ഞാൻ കണ്ടിരിക്കുന്നത്", നിന്നിൽ ഞാനൊരു കലാകാരനെ കാണുന്നു, ഒരു കലാകാരന്റെ ദുഃഖം മറ്റൊരു കലാകാരനല്ലേ മനസിലാക്കാൻ കഴിയൂ". മധുവിന്റെ വർത്തമാനം എന്നെ നന്നേ സുഖിപ്പിച്ചു. നക്കാപ്പിച്ച ശമ്പളത്തിൽ ലോണെടുത്തും ഏമാന്റെ ശകാരം സഹിച്ചും ഇങ്ങനെ നടന്നാൽ മതിയോ? മധുവിന്റെ കൂടെ കൂടിയ നാൾ മുതൽ ഇങ്ങനെയാണ്. ഉത്തരവാദിത്തങ്ങളെല്ലാം മറന്നുപോയി, സ്വന്തം ജീവിതം എന്ന ചിന്ത മാത്രം. മധു-

വിരസതാപമുള്ള നിമിഷങ്ങളിൽ ഞാൻ ഞാനായി മാത്രം നിൽക്കുന്നു. "അല്ലേൽ വേണ്ട, ഈ ഇരുപത് അങ്ങ് കൊടുത്തേക്ക്", കുറ്റബോധത്തിന്റെ ഒരു ശ്വാസം എന്നിലൂടെ കടന്നുപോയപ്പോൾ പോക്കറ്റിൽനിന്ന് ഇരുപതുരൂപ ഞാൻ എടുത്തുനൽകി. "അപ്പോ, ഇന്ന് വേറെന്തെങ്കിലും അത്താഴം ഉണ്ടാക്കണം, അല്ലേ"? മധു ഒരു കള്ളച്ചിരിയോടുകൂടി പറഞ്ഞു. അവൻ തിരിച്ചുവന്നപ്പോഴാണ് ~~[illegible]~~ കാവിമുണ്ടുടുത്ത് നരച്ച ഷർട്ടിട്ട് ~~[illegible]~~ തന്റെ കണ്ണുകൾക്ക് അപരിചിതനായ ഒരു വൃദ്ധരൂപത്തെ ഞാൻ ശ്രദ്ധിക്കുന്നത്. "മധു, ദേ നോക്ക്". "കണ്ടാൽ ഒരു കവിയാണെന്നു തോന്നുന്നല്ലോ. താടീം മുടീം തോൾസഞ്ചിയും, ഇനി സിനിമതേടി വന്ന കലാകാരിയാണോ?" "കണ്ടിട്ടൊരു 'അരവട്ടത്തിന്റെ വകയുണ്ടല്ലോ?', ഒന്നു മുട്ടിനോക്കട്ടെ?" "നോക്കാം, കാശിലില്ലാത്തതു നടന്നപോലത്തെ

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാം കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 640 Participant Code: 319

വേഷം. അനുഭവമൊന്നും കിട്ടിയില്ലേലും ഒന്നു പുകയ്ക്കാനുള്ളതെങ്കിലും ഒപ്പിക്കാം, നീ വാടാ" നടന്നുപോകാൻ വഴിയുണ്ടായിട്ടും വകവയ്ക്കാതെ മണൽത്തിട്ടയിൽനിന്ന് ഞങ്ങൾ താഴേക്ക് ചാടി ആ വൃദ്ധരൂപത്തെ ലക്ഷ്യമാക്കി നടന്നു. "ഹലോ, അപ്പൂപ്പാ !" അപരിചിതമായ ശബ്ദത്തെ നീരസത്തോടെ അയാൾ തിരിഞ്ഞു നോക്കി. "വിളിച്ചതിൽ ക്ഷമിക്കണം, അപ്പൂ, എന്തൊക്കെയുണ്ട് വിശേഷം ?" ഞങ്ങളെയൊന്ന് തുറിച്ചു നോക്കിക്കൊണ്ട് പാശ്ചാത്യകാവ്യങ്ങളെ അനുസ്മരിപ്പിക്കുംവിധം എന്തോ പിറുപിറുത്ത് അയാൾ നടന്നുനീങ്ങി. "ഞാൻ പറഞ്ഞില്ലേ ശങ്കൂ, ഇത് ബീഡിയുടെ 'ഇരക്കടാനുവല്ല, വേറെന്തോ കൂടിയ സാധനമാ"

"എന്തേലും ആവട്ടെ, പുറകേ പോവാലോ?"

"വാ പോവാം". ഇത്രയും പറഞ്ഞ് ഞങ്ങളിരുവരും 'അപ്പൂപ്പ'നു പിറകെ നടന്നു.

'ഇനി, അപ്പൂപ്പാ ന്ന വിളിച്ചത് ഇഷ്ടായില്ലാരി

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ത്തും!" "ഹ്ം... നടക്ക്" "ദേ, അയാൾ". "അപ്പൂപ്പാ ഒന്നു നിക്കണേ..." ഞാനും മധുവും കിഴവനു വട്ടം ചാടി വഴി മുടക്കി. "അങ്ങനങ്ങു പോയാലോ? കൊച്ചുകള്ളൻ! ഏതാ ഒന്നും, ഞങ്ങൾക്കൂടെ താ". "നിങ്ങളെന്താണീ പറയുന്നത്?" പ്രായത്തിനു വിപരീതമായി ചുറുചുറുപ്പടുവിച്ച ആ ശബ്ദം ഞങ്ങളിൽ അത്ഭുതമുണർത്തി. "അപ്പൂപ്പാ, സഞ്ചിയിലെന്താ? ഒരെണ്ണം ഞങ്ങൾക്കും താ, ഒന്നു നോക്കട്ടെ". "അപ്പൂപ്പനോ... ഹ... ഹ...ഹ, ശരീരമേ മരിക്കൂ ആത്മാവു മരിക്കുന്നില്ല, മനസ്സിനിപ്പോഴും ചെറുപ്പമാണ്", ഞാനും ചെറുപ്പംതന്നെ" പീളയടിഞ്ഞു മങ്ങിച്ച കണ്ണുകളിൽ ഒരു യുവാവിന്റെ തിളക്കമുണ്ടാകുന്നത് ഞാൻ കണ്ടു. അട്ടഹസിച്ചുകൊണ്ട് അയാൾ ഞങ്ങളുടെയടുത്തുനിന്നുപോയ ശേഷം ഞങ്ങളും സ്വപ്നസഞ്ചാരത്തിൽനിന്നു തിരിച്ചെത്തിയപോലെ ഞങ്ങൾ പരസ്പരം നോക്കി.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 640 Participant Code: 319

"ശങ്കൂ, അയാളെ പോയി പിടിക്കണം" "വാടാ", വൃദ്ധനു പിന്നാലെ ഞങ്ങൾ വീണ്ടും നടന്നു. ഞങ്ങളുടെ കാലടികൾ അടുത്തെത്തുമ്പോഴെല്ലാം വൃദ്ധൻ കൂടുതൽ വേഗത്തിൽ നടന്നു. ഞങ്ങളിൽനിന്ന് ഓടിയകലുന്നതുപോലെയാണ് എനിക്കു തോന്നിയത്. വാർധക്യത്തിന്റെ ഇഴച്ചിൽവിട്ട് യൗവനത്തിന്റെ ചുറുചുറുക്കിലേക്ക് പെടുന്നനെ അയാൾ മാറി. കടൽത്തിരകഴിഞ്ഞ് കോളേജിലേക്കുപോകുന്ന ഇടവഴിയിലേക്കു കയറിയപ്പോഴേക്കും അതിനകം ഇരുട്ട് പരന്നിരുന്നു. ~~ആ~~ ~~അ~~ അടിവെച്ച്, അയാൾ നിന്നു, തിരിച്ച് ഞങ്ങളെ നോക്കി. അടുത്തുനിൽക്കുന്ന മനുഷ്യനെ പോലും തിരിച്ചറിയാൻ ഒരു ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന ആ അന്ധകാരത്തിലും കിഴവന്റെ കണ്ണുകൾ തിളങ്ങി. ~~ഞങ്ങൾ~~ അപ്പോഴേക്കും പുഴയുടെ മണത്തെ ഓർമിപ്പിക്കുംവിധം നഗരവിളക്കുകൾ തെളിഞ്ഞു. ആ 'അച്ചു

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ച്ചൻ തങ്ങളെ ചിരിച്ചുകാട്ടി. മധു അ-
യാൾക്കുനേരെ ചെന്നു. "ആ! കള്ളൻ,
ആരുമില്ലാത്ത വഴിയിൽ ~~വെച്ച~~ വച്ച് തരാ-
നാണല്ലേ ഓടിയത്? ശരി, സാധനം എട്".
മധുവിന്റെ വർത്തമാനം മണ്ടത്തരമാ-
യോ! എനിക്ക് തോന്നിയത് കിഴവന്റെ
ചിരി മങ്ങിയപ്പോഴാണ്. മധു കിഴവന്റെ
അടുത്തു നീങ്ങി നീങ്ങിയെത്തുമ്പോൾ
അയാളുടെ ഭാവം മാറി മാറി ഇപ്പോൾ കര-
യും എന്ന അവസ്ഥയായി. മേഘാവൃതമായ
മനസ്സിലെ കാർമേഘങ്ങളെ പ്രതിഫലിപ്പി-
ക്കാൻ കഴിയാത്ത കണ്ണുകളോടുള്ള അമർ-
ഷവും പെയ്തുതീർക്കാനാവാത്ത മഴയുടെ
ബുദ്ധിമുട്ടും അയാളുടെ മുഖത്ത് തെളി-
ഞ്ഞു. മധുവാകട്ടെ, കിഴവന്റെ സന്നിധിയിലേ-
ക്കു കൈനീട്ടി അടുത്തുചെന്നു. തണുത്തു-
റഞ്ഞ ശരീരം പോലെ ആ മനുഷ്യൻ അവി-
ടെത്തന്നെ നിന്നു. മധു ആ തോൾസഞ്ചി-

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ഊരിയെടുത്തു പരതി. ദ്രവിച്ചു പഴകിയ
രണ്ടുമൂന്നു ഡയറികൾ, പഴയലിപിയിൽ
എഴുതപ്പെട്ട ഒരു കത്ത്., മൊഹബത്ത്
എന്ന് അറബിയിലെഴുതി ആലേഖനം
ചെയ്ത ഒരു വാസനതൈലത്തിന്റെ കുപ്പി
ഇവയായിരുന്നു സഞ്ചിയിൽ".. "കിളവൻ
ചതിച്ചു" നിരാശയോടെ മധു പറഞ്ഞു. "നി-
ങ്ങളെന്നെ വിടുവിൻ, എനിക്കു പോകണം...
കാത്തിരിക്കാനാരുമുള്ളപ്പോൾ ജീവിതം അ-
ർഥമുള്ളതാകും, എന്റെ ജീവിതം അർ-
ഥമുള്ളതായിത്തീരട്ടെ" "അയ്യേ... തല്ലിക്കൊ-
ല്ലണം പന്നിയെ, ഇത്രേം നേരം കളഞ്ഞത്,
താനിനിപ്പോ പോണ്ട" "എനിക്കു പോകണം
സഞ്ചി താ" "സഞ്ചി തരില്ല, താൻ
പോ". ഇത്രയും പറഞ്ഞ് മധു അയാളെ
പിടിച്ച് തള്ളി.. മതിലിൽ ചെന്നുരഞ്ഞ്,
ചുമച്ചുകുരച്ച് അയാൾ താഴെ വീണു. നേ-
രത്തെ കണ്ട യൗവനത്തിന്റെ തിളക്കം വെ-

വെടിഞ്ഞ് ആ കണ്ണുകൾ നിർജ്ജീവമായി. "എടാ, അയാൾ പോയി" പരിഭ്രമത്തോടെ മധു പറഞ്ഞു. "ഇനിപ്പോ എന്താ ചെയ്യ?" "വാ, പോകാം" "ഇയാളെ ഇവിടെയിട്ടിട്ടോ"? "വാ, പോകാം..." എന്റെ കൈ കടന്നുപിടിച്ച് അവൻ ഓടി, ബൈക്കുമെടുത്ത് വെപ്രാളത്തോടെ പാഞ്ഞു.. ഇരുട്ടുമൂടി, വനത്തൊരിടത്ത്, ഹാലജൻ ബൾബുമാത്രം കത്തുന്നൊരു പീടികമുറ്റത്ത് ഞങ്ങൾ കയറി നിന്നു. മേഘാവൃതമായ ആകാശത്തുനിന്നും ഇറ്റുവീണ ചോര ഞങ്ങളെ പൊള്ളിച്ചു..

"എടാ, അയാൾ" "പേടിക്കണ്ട, നീയൊന്നു മിണ്ടാതിരി" "നീ പിടിച്ചു തള്ളിയോണ്ടല്ലേ" "അല്ലായിരിക്കുമെടാ', നീയൊന്ന് മിണ്ടാതിരി". ഇത്രയും പറഞ്ഞ് ഞാനാ സഞ്ചിയെടുത്തു. സാധനങ്ങളെക്കാളേറെ ഭാരമുണ്ടായിരുന്നു അതിന്. പഴയകാലത്തെ കത്തു-

പോലെ തോന്നിപ്പിച്ച കടലാസുകഷ്ണം ഞാനെടുത്തു വായിച്ചു.

“സഖീ, മധുരസുരഭില നിലാവെളിച്ചമേ! ബഷീറിന്റെ വരികളാണ്, അറിയുമോ? പുസ്തകങ്ങൾക്കിടയിലൂടുള്ള കത്തുകൈമാറ്റം ഇന്നു തീരുന്നു. വസന്തത്തിന്റെ കലാലയം കഴിഞ്ഞുപോയി, ഇനി നിന്നെ ഞാനെങ്ങനെ കാണും? പാതിരാവേളയായിട്ടും തിളങ്ങിനിൽ-ക്കുന്ന വെണ്ണിലാവുപോലെ സുന്ദരമാണെ പെണ്ണേ നിന്റെ മുഖം. തട്ടമിട്ട ആ മുഖം, അമാവാസിയി-ൽപോലും എന്റെ മനസിൽ തെളിഞ്ഞുനിൽ-ക്കും.. ഒരുമിക്കാൻ കഴിയില്ലെന്നറിഞ്ഞിട്ടും സ്നേഹിച്ച പെണ്ണേ, നിനക്ക് അനാഥന്റെ നന്ദി... ഈ കടൽത്തിരവും കലാലയവും എനിക്ക് പ്രിയ-പ്പെട്ടതാക്കിയത് നീയാണ്.. ധന്യമായ ഈ കടലിരമ്പത്തെ, ഒരു താരാട്ടുപാട്ടാക്കിയതും നീ തന്നെ.. ഇനിയിവിടെ ആരുമറിയാതെ നമ്മൾ

നട്ട ആൽമരം എന്നുമിവിടെയുണ്ടാകട്ടെ...
മാർക്സിസത്തെ പ്രണയം പഠിപ്പിച്ച പെണ്ണേ,
നീയൊരിക്കലും എന്റെയായിരുന്നില്ലെന്ന് എനിക്കറിയാം.
ഇന്ന്, നിന്റെ മുഖം കരയുന്നതെനിക്കു കാണാൻ
വയ്യ, ഈ ജന്മത്തിന്റെ അവസാനത്തെ കത്താകു-
ന്നു.. നിന്റെ സമാധാനത്തിനും വീട്ടുകാരുടെ
ഇഷ്ടത്തിനുംവേണ്ടി ഞാൻ തിരികെ പോകു-
ന്നു. കഴിയുമെങ്കിൽ പതിനഞ്ചു പത്തുനാൽ-
പത്തുവർഷങ്ങൾക്കപ്പുറം ഇവിടെ വീണ്ടും
വരിക.. ഈ ചേതനയുണ്ടെങ്കിൽ ഒരിക്കൽകൂടി
ഈ ആൽമരത്തിന്റെ സായാഹ്നങ്ങളിൽ
ഒപ്പമിരിക്കണം... എന്റേതായില്ലെന്ന് ഉറപ്പുണ്ടാ-
യിട്ടും എന്നെ സ്നേഹം പഠിപ്പിച്ച പെണ്ണേ...

നൂറായിരം നന്ദി..

മറുപടിക്കത്തെന്നപോലെയുള്ള അടുത്ത
കത്തുംകൂടി ഞാൻ വായിച്ചു.

"മുരളീ... ഞാനും വരും.. ജീവിതസായാ-

വനത്തിലൊപ്പമിരുന്നുകൊണ്ട് നക്ഷത്രങ്ങളെ കാണാൻ, തീർച്ചയായും"

ഈ വാക്കുകൾ ഫ